"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വാകത്താനം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം കേരളാ പഞ്ചായത്ത് രാജ് ആക്ട് 191(2)- പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1008/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 29/05/2020

പരാമർശം:- 1 വാകത്താനം ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതിയുടെ 17/10/2018-ലെ യോഗത്തിൽ എടുത്ത തീരുമാനം.

2 5/2/2019-ലെ സ.ഉ(സാധാ)നം.260/2019/ത.സ്വ.ഭ.വ

3 29/10/2019-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/2752/2019-C8(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വാകത്താനം ഗ്രാമപഞ്ചായത്ത് ഭരണസമിതി 17/10/2018 ൽ കൈക്കൊണ്ട, സർക്കാർ അനുമതിയില്ലാതെ സർക്കാർ വക്കീലിനെ കേസ് നടത്തിപ്പ് ചുമതല ഏല്പിക്കാനുള്ള തീരുമാനം, നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരണമല്ലാത്തതിനാൽ, കേരളാ പഞ്ചായത്ത് രാജ് ആക്ട് 191 (4) വകുപ്പ് പ്രകാരം പരാമർശം (2) ലെ ഉത്തരവ് മുഖേന താത്കാലികമായി നിറുത്തി വയ്ക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 17/10/2018 ലെ മേൽ തീരുമാനം റദ്ദാക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി കേരളാ പഞ്ചായത്ത് രാജ് ആക്ട് 191(2)- വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം.

സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ